**അടിയന്തരപ്രമേയം**

<u>സി. ആന്റ് എ. ജി. റിപ്പോർട്ട്</u>

<u>മി. സ്പീക്കർ</u>: കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി) 2018-19 സാമ്പത്തിക വർഷത്തിൽ നടത്തിയ മസാല ബോണ്ടുകൾ വിറ്റഴിച്ചതുൾപ്പെടെയുള്ള കടമെടുപ്പ്, ഓഫ് ബഡ്ജറ്റ് കടമെടുപ്പാണെന്നും ഇത് ഭരണഘടനയുടെ 293-ാം വകുപ്പിൽ നിശ്ചയിച്ച പരിധികളെ ബൈപ്പാസ് ചെയ്യുന്നതും ഷെഡ്യൂൾ 7-ലെ പട്ടിക ഒന്നിലെ 37-ാം എൻട്രിയുടെ വ്യവസ്ഥകൾ ലംഘിക്കുന്നതും അതുവഴി ഭരണഘടനയുടെ ലംഘനമാണെന്നുമുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ നിരീക്ഷണം ഉണ്ടാക്കിയിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, സംസ്ഥാന ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2019-ലെ കിഫ്ബി

സംബന്ധിച്ച പരാമർശങ്ങൾ ഗുരുതരമായ അടിയന്തര സാഹചര്യം സൃഷ്ടിച്ചിരിക്കുന്നുവെന്നും ആയത് നിയമസഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുമുള്ള വാദത്തിന് ഒരു അടിസ്ഥാനവുമില്ല. ഈ നിഗമനങ്ങളിലേയ്ക്ക് സി. ആന്റ് എ. ജി. എത്തിച്ചേരുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ ചട്ടവിരുദ്ധമാണ്, സി. ആന്റ് എ. ജി.-യുടെതന്നെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് തുറന്നുപറഞ്ഞതിന്റെ അടിസ്ഥാനത്തിൽ പ്രിവിലേജ് ലംഘിച്ചതിന് നോട്ടീസ് നൽകിയിട്ടുണ്ട്. പ്രിവിലേജ് കമ്മിറ്റി അതുസംബന്ധിച്ചുള്ള തെളിവെടുപ്പുകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കാനിരിക്കുകയാണ്.

അക്കാര്യം വിശദമായി പരിശോധിക്കാനും ചർച്ച ചെയ്യാനും സന്ദർഭമുണ്ടാകും. സർക്കാരിന് പറയാനുള്ളത് കേൾക്കാതെ പെട്ടെന്ന് ഇത്തരം സ്തോഭജനകമായ വെളിപ്പെടുത്തൽ നടത്തി അടിയന്തരമായ ഒരു സാഹചര്യം സൃഷ്ടിക്കുന്നതിനാണ് ചില കേന്ദ്രങ്ങൾ ശ്രമിച്ചതെന്ന കാര്യം ഈ അടിയന്തര പ്രമേയത്തോടെ വ്യക്തമാകുകയാണ്. സി. ആന്റ് എ. ജി. റിപ്പോർട്ട് അവസാന തീർപ്പോ കോടതിവിധിക്ക് തുല്യമായ വിധിയോ അല്ല. പ്രമേയാവതാരകൻതന്നെ പറഞ്ഞവിധം, ഈ നിയമസഭയ്ക്ക് അല്ലെങ്കിൽ

അതിന്റെ ചെറുരൂപമായ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്ക് അത് പരിശോധിച്ച് ഏത് പാരഗ്രാഫും ഡ്രോപ് ചെയ്യാവുന്നതാണ്. അങ്ങനെയിരിക്കെ ഇത്തരമൊരു പരാമർശം എങ്ങനെയാണ് ഗുരുതരമായതും നിയമസഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യം സൃഷ്ടിക്കുന്നതെന്നും എനിക്ക് മനസ്സിലാകുന്നില്ല. ഏതെങ്കിലും അടിയന്തര സാഹചര്യം സൃഷ്ടിച്ച് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനത്തെയും സർക്കാരിനെത്തന്നെയും ഗുരുതര പ്രതിസന്ധിയിലാക്കാൻ ചിലർ നടത്തിയ ശ്രമത്തോട് കേരള നിയമസഭയിലെ ബഹുമാനപ്പെട്ട പ്രതിപക്ഷം യോജിക്കുന്നുണ്ടോ എന്നറിയാൻ സർക്കാരിന് താൽപര്യമുണ്ട്. കിഫ്ബിയുടെ നിയമസാധുത സംബന്ധിച്ച് സി. ആന്റ് എ. ജി. എത്തിച്ചേർന്നിരിക്കുന്ന നിഗമനങ്ങൾ സംബന്ധിച്ച് പ്രതിപക്ഷത്തിന്റെ അഭിപ്രായം അറിയുന്നതിനും താൽപര്യമുണ്ട്. അതിനാൽ ഇക്കാര്യം ഉചിതമായ സമയത്ത് ചർച്ച ചെയ്യുന്നതിന് സർക്കാരിന് വിരോധമില്ല.

മി. സ്പീക്കർ: സർവ്വശ്രീ വി. ഡി. സതീശൻ, ടി. എ. അഹമ്മദ് കബീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നൽകിയ നോട്ടീസ് സംബന്ധിച്ച് ചർച്ച ചെയ്യാമെന്ന് ബഹുമാനപ്പെട്ട

ധനകാര്യവും കയറും വകുപ്പുമന്ത്രി അറിയിച്ചിരിക്കുകയാണ്. ബഡ്ജറ്റിന്മേലുള്ള പൊതു ചർച്ചയ്ക്കിടയ്ക്ക് ഉച്ചയ്ക്കുശേഷം 1.30-ന് പ്രസ്തുത വിഷയം ചർച്ചയ്ക്കെടുക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, സാധാരണയായി ഉച്ചയ്ക്ക് 12.00 മണിക്കാണ് അടിയന്തര പ്രമേയത്തിന്മേലുള്ള ചർച്ച നടത്താറുള്ളത്.

മി. സ്പീക്കർ: ശരി. 12.00 മണിക്ക് അടിയന്തരപ്രമേയത്തിന്മേലുള്ള ചർച്ച തുടങ്ങാം. ആകെ ഒന്നര മണിക്കൂർ മാത്രമാണ് ചർച്ചയ്ക്കായി അനുവദിച്ചിരിക്കുന്ന സമയം. അതിനുശേഷം ബഡ്ജറ്റ് ചർച്ച തുടരുന്നതാണ്. അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കുന്ന സാഹചര്യത്തിൽ ഇന്നത്തെ സബ്മിഷനുകൾ ഒരു മിനുട്ടിനുള്ളിൽ അവതരിപ്പിക്കണം. അതിന്റെ മറുപടികൾ മേശപ്പുറത്ത് വച്ചാൽമതി. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അതിന്റെ പകർപ്പുകൾ നൽകേണ്ടതുമാണ്.